# വിട്ടുവീഴ്ച്ച കാണിക്കുക

05/03/2021

بسم الله الرحمن الرحيم

നബി (സ) യും സ്വഹാബികളും ഒരുമിച്ചിരിക്കുന്ന സമയത്ത് നബി (സ) പറഞ്ഞു:

أَخْبَرَنِي أَنَسُ بْنُ مَالِكٍ، قَالَ: كُنَّا جُلُوسًا مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ : يَطْلُعُ عَلَيْكُمُ الْآنَ رَجُلٌ مِنْ أَهْلِ الْجَنَّةِ . فَطَلَعَ رَجُلٌ مِنَ الْأَنْصَارِ تَنْطِفُ لِحْيَتُهُ مِنْ وَضُوئِهِ، قَدْ تَعَلَّقَ نَعْلَيْهِ فِي يَدِهِ الشِّمَالِ، فَلَمَّا كَانَ الْغَدُ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِثْلَ ذَلِكَ، فَطَلَعَ ذَلِكَ الرَّجُلُ مِثْلَ الْمَرَّةِ الْأُولَى، فَلَمَّا كَانَ الْيَوْمُ الثَّالِثُ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مِثْلَ مَقَالَتِهِ أَيْضًا، فَطَلَعَ ذَلِكَ الرَّجُلُ عَلَى مِثْلِ حَالِهِ الْأُولَى، فَلَمَّا قَامَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ تَبِعَهُ عَبْدُ اللَّهِ بْنُ عَمْرِو بْنِ الْعَاصِ (النسائي)

- സ്വർഗാവകാശിയായ ഒരു മനുഷ്യൻ ഇപ്പോൾ നിങ്ങളിലേക്ക് വരും.
- അപ്പോൾ അൻസാറുകളിൽ പെട്ട ഒരു യുവാവ് അങ്ങോട്ട് വന്നു. വുദു ചെയ്തതിന്റെ വെള്ളം അദ്ദേഹത്തിന്റെ താടിയിലൂടെ ഒഴുകുന്നുണ്ട്. അദ്ദേഹത്തിന്റെ ഇടത്തെ കൈയ്യിൽ അദ്ദേഹത്തിന്റെ ചെരിപ്പുണ്ട്.
- **മൂന്നു ദിവസം നബി (സ്വ) ഇത് ആവർത്തിച്ചു.**

അബ്ദുല്ലാഹിബ്നു അംറുബ്നു ആസ് ഈ സ്വഹാബിയെ പിന്തുടർന്നു. മൂന്നു ദിവസം അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചു. പ്രത്യേകിച്ച് ഒരു പ്രവർത്തിയും ചെയ്യുന്നതായി അദ്ദേഹത്തിന് കണ്ടെത്താൻ കഴിഞ്ഞില്ല. മൂന്ന് ദിവസത്തിന് ശേഷം താൻ എന്തിനാണ് വന്ന തെന്ന് അബ്ദുല്ലാഹിബ്നു അംറുബ്നി ആസ് പറഞ്ഞു; പക്ഷെ നിങ്ങളുടെ ജീവിതത്തിൽ കൂടുതലായി ഒന്നും ഞാൻ കണ്ടില്ല പിന്നെ എന്തു കൊണ്ടാണ് മൂന്നു തവണ സ്വർഗ്ഗ ത്തിന്റെ അവകാശിയെന്ന് പറഞ്ഞപ്പോഴും നിങ്ങൾ വരാൻ കാരണം.

غَيْرَ أَنِّي لَا أَجِدُ فِي نَفْسِي لِأَحَدٍ مِنَ الْمُسْلِمِينَ غِشًّا، وَلَا أَحْسُدُ أَحَدًا عَلَى خَيْرٍ أَعْطَاهُ اللَّهُ إِيَّاهُ .(النسائي)

വിശ്വാസിയായ ഒരാളോടും എന്റെ മനസ്സിൽ വെറുപ്പില്ല. അല്ലാഹു നൽകിയ വിഷയത്തിൽ അസൂയയും ഇല്ല.

- എന്താണ് അദ്ദേഹം ചെയ്തത്? മുള്ളവരോട് വിട്ട് വീഴ്ച കാണിച്ചു, അവർക്ക് പൊറുത്ത് കൊടുത്തു.
- വിശ്വാസി നേടിയെടുക്കേണ്ട സവിശേഷമായ ഗുണമാണ് വിട്ടു വീഴ്ച്ചാമനോഭാവം.
- **ഇമാം ശാഫിഈ (റ) യുടെ ഒരു കവിത ഇപ്രകാരം കാണാം.**

لَمّا عَفَوتُ وَلَم أَحقِد عَلى أَحَدٍ     أَرَحتُ نَفسي مِن هَمِّ العَداواتِ

ഇമാം ശാഫിഈ (റഹി) പറഞ്ഞു; ഞാൻ ആരോടും അസൂയ കാണിക്കാതെ എല്ലാ ആളുകൾക്കും വീട്ടുവീഴ്ച്ച ചെയ്തപ്പോൾ എന്റെ മനസ്സിന് സ്വസ്ഥത ലഭിച്ചു.

**വിട്ടു വീഴ്ച്ചയിലൂടെ നാം നേടുന്നത്?**

**1. അല്ലാഹുവിന്റെ കരുണ ലഭിക്കുന്നു**

عن جابر بن عبدالله: رَحِمَ اللَّهُ رَجُلًا سَمْحًا إذا باعَ، وإذا اشْتَرى، وإذا اقْتَضى (البخاري)

വിൽപന നടത്തുകയായാലും വാങ്ങുകയായാലും തന്റെ അവകാശം വീട്ടുവാൻ ആവശ്യപ്പെടുകയായാലും വിട്ടുവീഴ്ചാ മനസ്ഥിതിയോടെ വർത്തിക്കുന്ന വ്യക്തിയോട് അല്ലാഹു കരുണ കാണിക്കട്ടെ.(ബുഖാരി)

**2. പരലോകത്തെ പ്രയാസങ്ങളിൽനിന്നും രക്ഷപെടും**

عن أبي قتادة: مَنْ سرَّه أنْ يُنجِّيَهُ اللهُ مِنْ كَرْبِ يومِ القيامةِ فلْيُنظِرْ مُعسِرًا أو لِيَضَعْ عنه (البيهقي)

അല്ലാഹു, ആരെയെങ്കിലും അന്ത്യനാളിന്റെ പ്രയാസങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നത് സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ (കടംവാങ്ങിയ)ഞെരുക്കക്കാരന്ആശ്വാസം നൽകട്ടെ, അല്ലെങ്കിൽ കടം വിട്ടു കൊടുക്കട്ടെ.

**വിട്ടുവീഴ്ച്ചയിൽ നബി (സ്വ) യുടെ മാതൃക**

മറ്റുള്ളവർക്ക് പൊറുത്ത് കൊടുക്കുന്നതിലും വിട്ട് വീഴ്ച കാണിക്കുന്നതിലും നമുക്ക് ഏറ്റവും വലിയ മാതൃക നബി (സ്വ) തന്നെ.

وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لاَنفَضُّواْ مِنْ حَوْلِكَ فَاعْفُ عَنْهُمْ (آل عمران: ١٥٩)

**1. അഅ്റാബി കഴുത്തിൽ ഷാൾ മുറുക്കി സമ്പത്ത് ആവശ്യപ്പെട്ട സംഭവം.**

- അനസ് (റ) പറയുന്നു ഒരിക്കൽ ഞാൻ പ്രവാചകന്റെ കൂടെ നടക്കുന്ന സമയം:-

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ، قَالَ: كُنْتُ أَمْشِي مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَعَلَيْهِ بُرْدٌ نَجْرَانِيٌّ غَلِيظُ الحَاشِيَةِ ، فَأَدْرَكَهُ أَعْرَابِيٌّ فَجَذَبَهُ جَذْبَةً شَدِيدَةً، حَتَّى نَظَرْتُ إِلَى صَفْحَةِ عَاتِقِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَدْ أَثَّرَتْ بِهِ حَاشِيَةُ الرِّدَاءِ مِنْ شِدَّةِ جَذْبَتِهِ، ثُمَّ قَالَ: مُرْ لِي مِنْ مَالِ اللَّهِ الَّذِي عِنْدَكَ. فَالْتَفَتَ إِلَيْهِ فَضَحِكَ، ثُمَّ أَمَرَ لَهُ بِعَطَاءٍ. (البخاري)

നജ്റാനിൽ നിന്നും കൊണ്ടു വന്ന ഒരു പരുപരുത്ത ഷാൾ ധരിച്ചു നബി (സ്വ) നടക്കുമ്പോൾ ഒരു അഅ്റാബി വന്നു ആ ഷാൾ വലിച്ചു. നബി (സ്വ) ക്ക് വലിയ പ്രയാസമുണ്ടായി. അയാൾ പറഞ്ഞു; അല്ലാഹു നൽകിയ സമ്പത്തിൽ നിന്നും എനിക്ക് തരാൻ വേണ്ടി കൽപ്പിക്കുക. അപ്പോൾ നബി (സ്വ) പിറകോട്ട് നോക്കി ചിരിച്ചു. അനുചരന്മാരോട് അദ്ദേഹത്തിന് നൽകാൻ ആവശ്യപ്പെട്ടു.

**2. മക്കാവിജയ ദിവസം:**

ജനിച്ച നാട്ടിൽനിന്നും നബി (സ്വ) യെയും വിശ്വാസം സ്വീകരിച്ചവരെയും ആട്ടിപുറത്താക്കിയവർ, മദീനയിലേക്ക് ദീൻ സംരക്ഷിക്കാൻ വേണ്ടി ഹിജ്റ പോയപ്പോൾ അവിടെ വന്നും കുഴപ്പം സൃഷ്ടിച്ചവർ.
പലവിധത്തിലും നബി (സ്വ) യെയും സ്വഹാബികളെയും ദ്രോഹിച്ചവരെ മുന്നിൽ ലഭിച്ചപ്പോൾ എന്തു ചെയ്തു?
മക്കാ വിജയ ദിവസത്തെ സംഭവം അബു സുഫ് യാൻ ഉദ്ധരിക്കുന്നത് കാണാം
സഅദ്ബ്നു ഉബാദ (റ) മക്ക വിജയിച്ചടക്കുന്ന ഒരു സംഘത്തിന്റെ മുന്നിൽ നിന്നു കൊണ്ടു പറഞ്ഞു; **اليوم يوم الملحمة** ഇന്ന് രക്തചൊരിച്ചിലിന്റെ ദിനമാണ്.

ഇതു അറിഞ്ഞ നബി (സ്വ) പറഞ്ഞത്. **اليوم يوم المرحمة** ഇന്നു കാരുണ്യത്തിന്റെ ദിവസമാണ്.

**വിട്ടുവീഴ്ച്ചയും മാപ്പു നൽകലുമായിരുന്നു നബി (സ്വ) കാണിച്ചു തന്ന മാർഗം.**

- **ഒരിക്കൽ നബി (സ) പറഞ്ഞു:-**

عن عائشة أم المؤمنين :لم يَكُنْ رَسولُ اللهِ ﷺ فاحشًا ولا مُتفَحِّشًا، ولا سَخّابًا في الأَسْواقِ، ولا يَجزي بالسيِّئةِ السيِّئةَ، ولكنْ يَعفو أو يَصفَحُ (الترمذي )

ആയിശ (റ) നിവേദനം: റസൂൽ അസഭ്യം പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അങ്ങാടികളിൽ ബഹളമുണ്ടാക്കുകയോ തിന്മകൊണ്ട് പ്രതികാരം ചെയ്യുകയോ ചെയ്തിരുന്നില്ല. മറിച്ച് വിട്ട് വീഴ്ചയും വിശാലമനസ്കതയും കാണിക്കുന്നയാളായിരുന്നു. (തിർമിദി)

- നബി (സ) തെറ്റിനെ തെറ്റ് കൊണ്ട് നേരിട്ടില്ല. പകരം പൊറുത്ത് കൊടുത്ത് വിട്ട് വീഴ്ച കാണിച്ചു അങ്ങനെയാണ് നബി (സ) തെറ്റുകളെ നേരിട്ടത്.

- **ഉക്ബത് ബ്നി ആമിറിനോട് നബി (സ) പറയാണ്.**

عَنْ عُقْبَةَ بْنِ عَامِرٍ قَالَ : لَقِيتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَقَالَ لِي: يَا عُقْبَةَ بْنَ عَامِرٍ، صِلْ مَنْ قَطَعَكَ، وَأَعْطِ مَنْ حَرَمَكَ، وَاعْفُ عَمَّنْ ظَلَمَكَ (أحمد)

ഉഖ്ബത്ത്ബനു ആമിർ നബി (സ്വ) യെ കണ്ടു മുട്ടി. അപ്പോൾ അദ്ദേഹത്തോട് നബി (സ്വ) പറഞ്ഞു; ഉഖ്ബാ നിന്നോട് കുടുംബം ബന്ധം മുറിച്ചവോനോട് നീ ബന്ധം ചേർക്കുക. നിനക്ക് തടഞ്ഞവന് നീ നൽകുക. നിന്നോട് അക്രമം പ്രവർത്തിച്ചവനോട് നീ വിട്ടു വീഴ്ച്ച ചെയ്യുക. (അഹ്മദ്)

**നോക്കു, എത്ര മനോഹരമാണ് ഇസ്ലാം ?**

തന്നെ അക്രമിച്ചവനോട് നീ പൊറുത്ത് കൊടുക്കണം. നബി (സ) യും ജൂതന്മാരും തമ്മിൽ പല കരാറുകളും ഉണ്ടായിരുന്നു. പക്ഷെ അതെല്ലാം അവർ തെറ്റിച്ചു. ഒട്ടും മാന്യതയില്ലാത്ത സ്വഭാവം കാണിച്ചു. അപ്പോഴും അല്ലാഹു നബിയോട് പറയാണ്:-

فَعفُ عَنهُم وَٱصفَح إِنَّ ٱللَّهَ يُحِبُّ ٱلمُحسِنِينَ (المائدة: ١٣)

**ഇവിടെ പ്രധാനപ്പെട്ട വിഷയം അല്ലാഹ ആരോടാണ് വിട്ട് വീഴ്ച കാണിക്കാൻ നബി (സ്വ) യോട് പറഞ്ഞതത്?**

فَبِمَا نَقضِهِم مِّيثَـٰقَهُم لَعَنَّـٰهُم وَجَعَلنَا قُلُوبَهُم قَـٰسِيَة يُحَرِّفُونَ ٱلكَلِمَ عَن مَّوَاضِعِهِۦ وَنَسُوا حَظّا مِّمَّا ذُكِّرُوا بِهِۦۚ وَلَا تَزَالُ تَطَّلِعُ عَلَىٰ خَائِنَة مِّنهُم إِلَّا قَلِيلا مِّنهُم فَٱعفُ عَنهُم وَٱصفَح إِنَّ ٱللَّهَ يُحِبُّ ٱلمُحسِنِينَ (المائدة: ١٣)

- **അബൂബക്കർ (റ) വും മുസ്ഥഹ് ബിൻ ഉസാസ (റ) ( مسطح بن أثاثة)**
- അബൂബക്കർ (റ) വിന്റെ ഉമ്മയുടെ സഹോദരി പുത്രനാണ് മുസ്ഥഹ് ബിൻ ഉസാസ (റ)
- ദരിദ്രനായ അദ്ദേഹത്തിന് സഹായം നൽകുന്നത് അബൂബക്കർ (റ) ആയിരുന്നു.
- ആയിഷ ബീവിക്കെതിരെ മുനാഫിഖുകളും മറ്റും വ്യഭിചാരോപണം നടത്തിയപ്പോൾ അതിൽ ഇദ്ധേഹവും ഭാഗമായിപ്പോയി ..
- അള്ളാഹ തന്നെ നമ്മുടെ ഉമ്മയുടെ നിരപരാധിത്വം വ്യക്തമാക്കി ആയത് ഇറക്കി

إِنَّ الَّذِينَ جَاءُوا بِالْإِفْكِ عُصْبَةٌ مِنْكُمْ

- താൻ ഇനി മുസ്ഥഹിന് ഒന്നും കൊടുക്കില്ല എന്ന് അദ്ദേഹം പ്രഖ്യപിച്ചു.
- അപ്പോൾ പരിശുദ്ധ ഖുർആനിൽ വചനം അവതരിക്കുന്നു..

وَلَا يَأْتَلِ أُولُو الْفَضْلِ مِنكُمْ وَالسَّعَةِ أَن يُؤْتُوا أُولِي الْقُرْبَىٰ وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّـهِ وَلْيَعْفُوا وَلْيَصْفَحُوا أَلَا تُحِبُّونَ أَن يَغْفِرَ اللَّـهُ لَكُمْ وَاللَّـهُ غَفُورٌ رَّحِيمٌ (النور ٢٢)

**ഉമർ (റ) വിനോട് ഒരാൾ തർക്കിച്ച സംഭവം.**

عن ابنِ عَبَّاسٍ رضي اللهُ عنهما قالَ :دَخَلَ عُيَينَةُ بنُ حِصنٍ عَلَى عُمَرَ ابنِ الخَطَّابِ، فَقَالَ: هِيْ يَا ابْنَ الخَطَّابِ، فَوَاللَّهِ مَا تُعْطِينَا الجَزْلَ، وَلَا تَحْكُمُ بَيْنَنَا بِالْعَدْلِ، فَغَضِبَ عُمَرُ حَتَّى هَمَّ أَنْ يُوقِعَ بِهِ، فَقَالَ لَهُ الحُرُّ: يَا أَمِيرَ الْمُؤْمِنِينَ إِنَّ اللهَ تَعَالَى قَالَ لِنَبِيِّهِ صلى اللهُ عليه وسلم ﴿خُذِ الْعَفْوَ وَأْمُرْ بِالْعُرْفِ وَأَعْرِضْ عَنِ الْجَاهِلِينِ﴾ (الأعراف: ١٩٩)

ഇബ്നു അബ്ബാസ് (റ) വിൽ നിന്നും നിവേദനം; ഉയൈനത്ത്ബനു ഹിസൻ ഉമർ (റ) വിന്റെ അടുത്ത് പ്രവേശിച്ചു കൊണ്ടു പറഞ്ഞു; ഖത്താബിന്റെ മകനെ, അല്ലാഹുവാണ് സത്യം താങ്കൾ ഞങ്ങൾക്ക് ധാരാളമായി നൽകുന്നില്ല. ഞങ്ങൾക്കിടയിൽ നീതി പൂർവ്വം വിധിക്കുന്നില്ല. അപ്പോൾ ഉമർ (റ) അയാളെ ശിക്ഷിക്കാൻ തുനിയുമാറ് കോപിച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരാൾ പറഞ്ഞു; അമീറുൽ മുഅ്മീനിൽ, അല്ലാഹ തന്റെ നബിയോട് ഇപ്രകാരം പറഞ്ഞിരിക്കുന്നു. (സൂറത്തു അഅ്റാഫ്- 199)

**വിട്ടു വീഴ്ച്ച നന്മയെ കൊണ്ടു വരും...**

عن أَبِي هُرَيْرَةَ رضي اللهُ عنه: أَنَّ النَّبِيَّ صلى اللهُ عليه وسلم قَالَ.......: وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلَّا عِزًّا، وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلَّا رَفَعَهُ اللَّهُ (مسلم)

നബി (സ്വ) പറഞ്ഞു വിട്ടു വീഴ്ച ചെയ്യുന്നതിലൂടെ അടിമയുടെ പ്രതാപമല്ലാതെ അള്ളാഹു വർധിപ്പിക്കില്ല. എളിമയിലൂടെ അള്ളാഹു പദവി ഉയർത്താതിരിക്കില്ല.

- ദ്രോഹിക്കുന്നവരോട് പോലും വിട്ടു വീഴ്ച്ച കാണിക്കാൻ ഇസ്ലാം പഠിപ്പിക്കുന്നത്.
- നമ്മുടെ റബ്ബിൽ നിന്നും വിട്ടു വീഴ്ച്ച ആഗ്രഹിക്കുന്ന നാം മറ്റുള്ളവരോട് വിട്ടു വീഴ്ച്ച കാണിക്കാൻ തയ്യാറാവുക.

## അബൂദുജാന (റ) വും രണ്ടു കാര്യങ്ങളും

അബു ദുജാന رضي الله عنه രോഗിയായിരിക്കെ അദ്ധേഹത്തിന്റെ മുഖം തിളങ്ങുന്നത് കണ്ട ആളുകൾ കാരണം ചോദിച്ചപ്പോൾ പറഞ്ഞത് എന്റെയടുക്കൽ ഏറ്റവും ബലമുള്ള രണ്ടു കാര്യങ്ങൾ അല്ലാതെ മറ്റൊന്നുമില്ല. ഒന്ന് ഞാൻ അനാവശ്യമായത് സംസാരിക്കലില്ല, രണ്ടു എന്റെ ഖൽബിൽ മുസ്ലിമീങ്ങൾ രക്ഷപ്പെട്ടവരാണ്.." (അഥവാ അവരെ കുറിച്ച് വെറുപ്പോ മോശം ചിന്തയോ ഇല്ല. )

---

റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.